ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11-02-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) പാർലമെൻറിൻറെ ഇരു സഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ബജറ്റ് ചർച്ചകൾ പാർലമെൻറിൽ ഇന്നും തുടരും.
Procedures are progressing in both the houses of Parliament. Budget discussions will continue in Parliament today.

2) പ്രതിപക്ഷം കൊണ്ടുവന്ന അവിശ്വാസ പ്രമേയ നോട്ടീസിൽ തീരുമാനമാകും വരെ സഭാ നടപടികളിൽ നിന്ന് വിട്ടുനിൽക്കുമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളെ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി രാഷ്ട്രീയ ആയുധമാക്കി ഉപയോഗിക്കുന്നുവെന്ന് ആരോപിച്ച് പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു.
Lok Sabha Speaker Om Birla not to attend proceedings till the opposition moved no-confidence notice against him is resolved. Parliamentary Affairs Minister Kiren Rijiju has accused Leader of the Opposition in the Lok Sabha Rahul Gandhi of using national security issues as a political tool in the House.

3) 2026-27 ലെ കേന്ദ്ര ബജറ്റ് രാജ്യമെമ്പാടും വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.
Union Minister Shivraj Singh Chouhan describes Union Budget 2026-27 as historic & futuristic and will bring significant change to the nation.

4) തിരുവനന്തപുരം അമ്പൂരി കുമ്പിച്ചൽക്കടവ് പാലം ഉൾപ്പെടെ സംസ്ഥാനത്ത് പൂർത്തിയാക്കിയ 30 റോഡുകളും ആറ് പാലങ്ങളും മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നാടിന് സമർപ്പിക്കും.
Chief Minister Pinarayi Vijayan will inaugurate 30 roads and six bridges completed across the state today, including the Kumbichalkadavu bridge at Amboori in Thiruvananthapuram.

5) ശബരിമല സ്വർണഅപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എൻ. വാസുവിന് ജാമ്യം അനുവദിച്ച് കൊല്ലം വിജിലൻസ് കോടതി.
The Kollam Vigilance Court has granted bail to former Travancore Devaswom Board President N. Vasu in the Sabarimala gold theft case.

6) ഐസിസി ടി20 ക്രിക്കറ്റ് ലോകകപ്പിൽ, ദക്ഷിണാഫ്രിക്കയ്ക്ക് എതിരെ അഫ്ഗാനിസ്ഥാന് 188 റൺസ് വിജയലക്ഷ്യം
In the ICC T20 Cricket World Cup, Afghanistan have been set a target of 188 runs against South Africa.

******************************

**OM BIRLA**

പാർലമെൻറിൻറെ ഇരു സഭകളിലും നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. പ്രതിപക്ഷ ബഹളത്തിനിടെയാണ് ലോക്സഭയിൽ ഇന്ന് ചോദ്യോത്തരവേള ആരംഭിച്ചത്. ബജറ്റ് ചർച്ചകൾ ഇരുസഭകളിലും ഇന്നും തുടരും. അതേസമയം ലോക്സഭ സ്പീക്കർ ഓം ബിർളയ്ക്ക് എതിരെ പ്രതിപക്ഷം നൽകിയ അവിശ്വാസ പ്രമേയ നോട്ടീസിൽ ചില പോരായ്മകൾ കണ്ടെത്തിയതായി ലോക്സഭാ സെക്രട്ടേറിയേറ്റ് വ്യക്തമാക്കി. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ നടന്നതായി പറയുന്ന ചില സംഭവങ്ങളാണ് നോട്ടീസിൽ പ്രതിപാദിച്ചിരിക്കുന്നതെന്നും, അതിനാൽ ചട്ടപ്രകാരം നോട്ടീസ് തള്ളാൻ സാധിക്കുമെന്നും ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. എന്നാൽ ആവശ്യമായ തിരുത്തലുകൾ വരുത്തി പ്രമേയ നടപടികളുമായി മുന്നോട്ട് പോകാനാണ് സ്പീക്കർ ഓം ബിർള നിർദ്ദേശം നൽകിയിരിക്കുന്നത്. ബജറ്റ് സമ്മേളനത്തിൻറെ രണ്ടാംഘട്ടത്തിൽ നോട്ടീസ് പരിഗണിച്ചേക്കുമെന്നും ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കി. അവിശ്വാസ പ്രമേയ നോട്ടീസിൽ തീരുമാനമാകും വരെ സഭാ നടപടികളിൽ നിന്ന് വിട്ടുനിൽക്കുമെന്ന് ശ്രീ ഓം ബിർള

അറിയിച്ചിരുന്നു. ഇന്നലെയാണ് പ്രതിപക്ഷം സ്പീക്കർക്കെതിരെ 118 അംഗങ്ങൾ ഒപ്പുവച്ച അവിശ്വാസ പ്രമേയ നോട്ടീസ് നൽകിയത്. കോൺഗ്രസും, ഇടത് പാർട്ടികളും, ഡിഎംകെ, സമാജ് വാദി പാർട്ടി, ആർജെഡി തുടങ്ങിയ പ്രതിപക്ഷ കക്ഷികളും പ്രമേയത്തെ പിന്തുണച്ചെങ്കിലും തൃണമൂൽ എംപിമാർ നോട്ടീസിൽ ഒപ്പുവച്ചില്ല.

****************************

## KIREN-RIJIJU- RAHUL GANDHI(INTRO)

ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങളെ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി രാഷ്ട്രീയ ആയുധമാക്കി ഉപയോഗിക്കുന്നുവെന്ന് ആരോപിച്ച് പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു. ഇതിൽ നിന്നും ശ്രീ രാഹുൽ ഗാന്ധി വിട്ടുനിൽക്കണമെന്നും കേന്ദ്രമന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യാൻ സഭയ്ക്ക് വ്യവസ്ഥാപിതമായ രീതികളുണ്ടെന്നും, അച്ചടക്കം പാലിക്കാൻ പ്രതിപക്ഷ നേതാവ് തയ്യാറാകണമെന്നും ശ്രീ. റിജിജു ആവശ്യപ്പെട്ടു.
(ഹോൾഡ്)

****************************

## LS - SOLAR ENERGY

രാജ്യത്തെ ഗാർഹിക സോളാർ മോഡ്യൂൾ നിർമ്മാണ ശേഷി 144 ജിഗാവാട്ടിൽ എത്തിയതായി കേന്ദ്ര പുനരുപയോഗ ഊർജ്ജ മന്ത്രി പ്രൽഹാദ് ജോഷി. നേരത്തെ വൈദ്യുതി ഉൽപാദനം ആറ് മുതൽ ഏഴ് ജിഗാവാട്ട് വരെ മാത്രമായിരുന്നുവെന്നും, ഇന്ന് സോളാർ പാനലുകൾ കയറ്റുമതി ചെയ്യാൻ കഴിയുന്ന നിലയിലേക്ക് രാജ്യം വളർന്നെന്നും അദ്ദേഹം പറഞ്ഞു.. ലോക്സഭയിലെ ചോദ്യോത്തര വേളയിൽ മറുപടി നൽകുകയായിരുന്നു കേന്ദ്രമന്ത്രി. കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടെ 1 ലക്ഷത്തി 27 ആയിരം കോടിയിലധികം രൂപ പുനരുപയോഗ ഊർജ്ജ ഉൽപ്പാദനത്തിനായി അനുവദിച്ചിട്ടുണ്ടെന്നും ശ്രീ പ്രൾഹാദ് ജോഷി വ്യക്തമാക്കി.

****************************

## GOVT-OIL IMPORT

വില കുറവുള്ളതും മികച്ച ഗുണനിലവാരമുള്ളതുമായ ക്രൂഡ് ഓയിൽ ലഭ്യമായ രാജ്യങ്ങളിൽ നിന്ന് ഇന്ത്യ ഇറക്കുമതി തുടരുമെന്ന് കേന്ദ്ര സർക്കാർ. കോൺഗ്രസ് എംപി ശശി തരൂർ നേതൃത്വം നൽകുന്ന പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി മുമ്പാകെയാണ് വിദേശകാര്യ, വാണിജ്യ മന്ത്രാലയങ്ങളിലെ ഉന്നത ഉദ്യോഗസ്ഥർ ഇക്കാര്യം അറിയിച്ചത്. ഇന്ത്യ-യുഎസ് വ്യാപാര കരാർ, ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര

കരാർ, റഷ്യൻ എണ്ണ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്തതായി ശ്രീ ശശി തരൂർ പറഞ്ഞു. അമേരിക്കയുമായുള്ള ഇടക്കാല കരാറിന് അന്തിമരൂപം ആയ ശേഷം വിശദാംശങ്ങൾ ജനങ്ങളെ അറിയിക്കുമെന്നും ഉദ്യോഗസ്ഥർ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയോട് പറഞ്ഞു.

****************************

## SHIVRAJ- BUDGET (INTRO)

2026-27 ലെ കേന്ദ്ര ബജറ്റ് വടക്കുകിഴക്കൻ മേഖലയിലടക്കം, രാജ്യമെമ്പാടും വലിയ മാറ്റങ്ങൾ കൊണ്ടുവരുമെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കേന്ദ്രബജറ്റ് ചരിത്രപരവും ഭാവിയിലേക്കുള്ള ചുവടുവയ്പ്പുമാണെന്നും അദ്ദേഹം പറഞ്ഞു. അസമിലെ ഗുവാഹത്തിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി. അസമിനെ ഒരു പ്രധാന വളർച്ചാ കേന്ദ്രമാക്കി മാറ്റുന്നതിനായി വൻ തുക അനുവദിച്ചിട്ടുണ്ടെന്ന് പറഞ്ഞ ശ്രീ ചൗഹാൻ, പാവപ്പെട്ടവർ, കർഷകർ, യുവാക്കൾ, സ്ത്രീകൾ എന്നിവരുടെ ക്ഷേമം ലക്ഷ്യമിട്ടുള്ളതാണ്് കേന്ദ്രബജറ്റെന്നും വ്യക്തമാക്കി.

(ഹോൾഡ്)

****************************

## SIR-Kerala

തീവ്ര വോട്ടർ പട്ടിക പുതുക്കലുമായി ബന്ധപ്പെട്ട നടപടികൾ സംസ്ഥാനത്ത് അതിവേഗം പുരോഗമിക്കുകയാണെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. സംസ്ഥാനത്തെ 62 നിയമസഭ മണ്ഡലങ്ങളിൽ ഹിയറിങ്ങ് നോട്ടീസ് കൈപ്പറ്റിയ മുഴുവൻ പേരുടേയും ഹിയറിങ്ങ് പൂർത്തിയായി. എറണാകുളം, തിരുവനന്തപുരം ജില്ലകളിലെ 14 വീതം മണ്ഡലങ്ങളിലെയും, പാലക്കാട് ജില്ലയിലെ 10 ഉം ആലപ്പുഴ ജില്ലയിലെ 9 ഉം മണ്ഡലങ്ങളിലും ഹിയറിങ്ങ് ഇതിനകം പൂർത്തിയായിട്ടുണ്ട്. അന്തിമ വോട്ടർപട്ടിക ഈ മാസം 21 ന് പ്രസിദ്ധീകരിക്കും.

****************************

## WEST BENGAL-SIR

സുപ്രീം കോടതി ഉത്തരവ് പ്രകാരം പശ്ചിമ ബംഗാളിൽ എസ്ഐആറുമായി ബന്ധപ്പെട്ട അന്തിമ വോട്ടർ പട്ടിക ഈ മാസം 28 നു പ്രസിദ്ധീകരിക്കുമെന്ന് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. SIR ന്റെ ഭാഗമായുള്ള നടപടിക്രമങ്ങൾ ഒരാഴ്ച കൂടി നീട്ടാൻ കഴിഞ്ഞദിവസം സുപ്രീം കോടതി ഉത്തരവിട്ടിരുന്നു.

****************************

## VP PM SHAH - DEENDAYAL

പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയുടെ ചരമവാർഷികദിനത്തിൽ ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി,കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ തുടങ്ങിയ നേതാക്കൾ ശ്രദ്ധാഞ്ജലി അർപ്പിച്ചു. സാമൂഹ്യസേവനത്തിനായി ജീവിതം സമർപ്പിച്ച ദീർഘവീക്ഷണമുള്ള ചിന്തകനും, രാഷ്ട്രനിർമാതാവുമാണ് പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായയെന്ന് ഉപരാഷ്ട്രപതി സമൂഹമാധ്യമത്തിൽ കുറിച്ചു. അദ്ദേഹത്തിൻറെ തത്വ ചിന്തകൾ രാജ്യത്തെ എല്ലാ തലമുറയ്ക്കും വഴികാട്ടിയായി തുടരുമെന്ന് പ്രധാനമന്ത്രി അനുസ്മരണ സന്ദേശത്തിൽ പറഞ്ഞു. പണ്ഡിറ്റ് ദീൻദയാൽ ഉപാധ്യായ തലമുറകൾക്കതീതമായി രാഷ്ട്രനിർമ്മാണത്തിനുള്ള പ്രചോദനമായി തുടരുമെന്ന് ശ്രീ അമിത് ഷാ അഭിപ്രായപ്പെട്ടു.

****************************

## Kumbichkalkadav Bridge-CM

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി കുമ്പിച്ചൽക്കടവ് പാലത്തിന്റെ ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സംസ്ഥാനത്ത് പൂർത്തിയാക്കിയ 30 റോഡുകളും 6 പാലങ്ങളും മുഖ്യമന്ത്രി ഇതോടൊപ്പം നാടിന് സമർപ്പിക്കും. - പാലക്കാട്, നവീകരിച്ച മുണ്ടൂർ -തൂത നാലുവരി സംസ്ഥാന പാതയും, ആലപ്പുഴയിലെ മാരാരിക്കുളം - തുമ്പോളി റെയിൽവേ സ്റ്റേഷൻ റോഡ്, ഫേസ് നാല് - അഞ്ച് പ്രവൃത്തികളുടെ ഉദ്ഘാടനവും മുഖ്യമന്ത്രി ഓൺലൈനായി നിർവ്വഹിക്കും.

****************************

## SABARIMALA -VASU

ശബരിമല സ്വർണ അപഹരണ കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റും, കമ്മീഷണറുമായിരുന്ന എൻ. വാസുവിന് കൊല്ലം വിജിലൻസ് കോടതി ജാമ്യം അനുവദിച്ചു. അറസ്റ്റിലായി 90 ദിവസം പൂർത്തിയായിട്ടും പ്രത്യേക അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിലാണ് എൻ വാസുവിന് സ്വാഭാവിക ജാമ്യം ലഭിച്ചത്. കേസിൽ പ്രതികളായ പങ്കജ് ഭണ്ഡാരി, ഗോവർദ്ധൻ, കെ. എസ്. ബൈജു എന്നിവരുടെ റിമാൻഡ് കാലാവധി കൊല്ലം വിജിലൻസ് കോടതി 14 ദിവസത്തേക്ക് കൂടി നീട്ടി.

****************************

## A.N. Shamseer

ശബരിമലയിലെ സ്വർണം കട്ടവർ ശിക്ഷിക്കപ്പെടുമെന്ന് സ്പീക്കർ എ എൻ ഷംസീർ.കേരള പോലീസ് അസോസിയേഷൻ കണ്ണൂർ സിറ്റി ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. എപ്പോഴും വിമർശനങ്ങൾക്ക് വിധേയമാവുന്ന സേനയാണ് പോലീസ്. അപ്പോൾ ചില തെറ്റുകൾ സംഭവിച്ചേക്കാം. ഇത് വഴി സേനയുടെ ആത്മവിശ്വാസം തകർക്കാൻ ചില ഭാഗത്തു നിന്ന് ബോധപൂർവ്വം ശ്രമം നടക്കുകയാണ്.സാമ്പത്തിക പരിമിതികൾക്കിടയിലും ജീവനക്കാരോട് നീതി പുലർത്തുന്നതിന്സംസ്ഥാന സർക്കാരിന് സാധിച്ചുവെന്ന് സ്പീക്കർ പറഞ്ഞു. പോലീസിനകത്തെ തെറ്റായ ശീലങ്ങളെ ഒരിക്കലും പ്രോത്സാഹിപ്പിക്കരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.അസോസിയേഷൻ ജില്ലാ പ്രസിഡണ്ട് വി വി സന്ദീപ് കുമാർ അധ്യക്ഷനായി. സിറ്റി പോലീസ് കമ്മീഷണർ പി നിധിൻരാജ് മുഖ്യാതിഥിയായി.

******************************

## PIB Fact check

സംസ്ഥാനങ്ങളിൽ ലൈംഗിക അതിക്രമങ്ങൾ നടന്നാൽ 24 മണിക്കൂറിനുള്ളിൽ നടപടിയെടുക്കാത്ത പക്ഷം മുഖ്യമന്ത്രി രാജിവെക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞതായി പ്രചരിക്കുന്ന ഇൻസ്റ്റഗ്രാം പോസ്റ്റ് വ്യാജമെന്ന് കേന്ദ്രസർക്കാർ. രാഷ്ട്രപതി ഇത്തരത്തിൽ പ്രസ്താവന നടത്തിയിട്ടില്ലെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാ പരിശോധനാ വിഭാഗം അറിയിച്ചു. ഔദ്യോഗികമായി സ്ഥിരീകരിച്ച വിവരങ്ങൾക്കായി പൗരന്മാർ സർക്കാർ സ്രോതസ്സുകളെ മാത്രം ആശ്രയിക്കണമെന്ന് പിഐബി നിർദേശം നൽകി.

******************************

## Vigilance

പുനലൂർ മൂവാറ്റുപുഴ സംസ്ഥാന പാതയുടെ നിർമ്മാണത്തിൽ ക്രമക്കേട് നടന്നതായുള്ള വിജിലൻസ് കണ്ടെത്തലിനെ തുടർന്ന് റോഡ് പുനർ നിർമ്മിക്കണമെന്ന് വിജിലൻസ് റിപ്പോർട്. അല്ലാത്ത പക്ഷം റോഡിൻ്റെ നിർമ്മാതാക്കളായ കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നും റിപ്പോർട്ടിലുണ്ട്. പരാതി നൽകിയതിനെ തുടർന്ന് ഗവർണ്ണർ ഇടപെട്ടതോടെ വിജിലൻസ് അന്വേഷണം ശക്തമാക്കുകയായിരുന്നു

******************************

## ICC MENS T20 WORLD CUP

ഐസിസി പുരുഷ ടി20 ക്രിക്കറ്റ് ലോകകപ്പിൽ, ദക്ഷിണാഫ്രിക്കയ്ക്ക് എതിരെ അഫ്ഗാനിസ്ഥാന് 188 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത ദക്ഷിണാഫ്രിക്ക നിശ്ചിത 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 187 റൺസ്

നേടി. അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ ടോസ് നേടിയ അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയെ ബാറ്റിങ്ങിന് അയക്കുകയായിരുന്നു.

ഉച്ചകഴിഞ്ഞ് 3 മണിക്ക് നടക്കുന്ന മത്സരത്തിൽ ഓസ്ട്രേലിയ അയർലൻഡിനെ നേരിടും. കൊളംബോയിലെ ആർ. പ്രേമദാസ സ്റ്റേഡിയത്തിലാണ് മത്സരം . ഇംഗ്ലണ്ട് വെസ്റ്റ് ഇൻഡീസ് മത്സരം വൈകുന്നേരം 7 മണിക്ക് മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നടക്കും.

****************************
****************************
*************